**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4829** **20-03-2025 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള എൻ.ഒ.സി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് റോഡ് കടന്നുപോകുന്ന പ്രദേശങ്ങളിൽ പ്രസ്തുത റോഡിന്റെ അതിർത്തികളിലുള്ള കൈവശഭൂമിയ്ക്ക് പൊതുമരാമത്ത് വകുപ്പിൽ നിന്നും എൻ.ഒ.സി. നല്കാത്തതുമൂലം പട്ടയം ലഭിക്കാത്ത സാഹചര്യത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട 30.09.2009 ലെ 20541/സി3/2009/ പൊ.മ.വ. നമ്പർ സർക്കുലർ പുനഃപരിശോധിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളോട് ചേർന്നുള്ള സ്ഥലങ്ങളും സമീപത്തുള്ള പുറമ്പോക്കുകളും അനധികൃതമായി കൈവശപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടതിനാലും ഇത്തരം ഭൂമിക്ക് പട്ടയം പതിച്ച് നൽകുന്നത് വഴി റോഡ് വീതി കൂട്ടുന്നതോ, ഓടകൾ, കലുങ്കുകൾ എന്നിവ നിർമ്മിക്കുന്നതിനോ തടസ്സം സൃഷ്ടിക്കപ്പെടുന്ന സാഹചര്യം ഉണ്ടായതിനാൽ ഇക്കാര്യത്തിൽ Circular No. 20541/C3/2009/PWD എന്ന സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കുലർ പ്രകാരം പൊതുമരാമത്ത് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റോഡ് പുറമ്പോക്കും റോഡിനോട് ചേർന്നുള്ള സ്ഥലങ്ങളും പതിച്ച് നൽകുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ സ്വീകരിക്കുകയോ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുകയോ ചെയ്യേണ്ടതില്ല എന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | റോഡ് വികസനത്തിനാവശ്യമായ സ്ഥലം അളന്ന് രേഖപ്പെടുത്തി ബാക്കി ഭൂമിക്ക് പട്ടയം ലഭ്യമാകുന്ന തരത്തിൽ പട്ടയത്തിന് അപേക്ഷിച്ചവർക്ക് പൊതുമരാമത്ത് വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളോട് ചേർന്നുള്ള സ്ഥലങ്ങളും സമീപത്തുള്ള പുറമ്പോക്കുകളും അനധികൃതമായി കൈവശപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടതിനാലും ഇത്തരം ഭൂമിക്ക് പട്ടയം പതിച്ച് നൽകുന്നത് വഴി റോഡ് വീതി കൂട്ടുന്നതോ, ഓടകൾ, കലുങ്കുകൾ എന്നിവ നിർമ്മിക്കുന്നതിനോ തടസ്സം സൃഷ്ടിക്കപ്പെടുന്ന സാഹചര്യം ഉണ്ടായതിനാൽ ഇക്കാര്യത്തിൽ Circular No. 20541/C3/2009/PWD എന്ന സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കുലർ പ്രകാരം പൊതുമരാമത്ത് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റോഡ് പുറമ്പോക്കും റോഡിനോട് ചേർന്നുള്ള സ്ഥലങ്ങളും പതിച്ച് നൽകുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ സ്വീകരിക്കുകയോ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുകയോ ചെയ്യേണ്ടതില്ല എന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ